# VII. ക്രമപ്രശ്നം

### ഉപധനാഭ്യർത്ഥനയിൽ ചെലവാക്കിയ തുക എന്തിനുവേണ്ടി ചെലവാക്കിയെന്ന് പ്രതിപാദിക്കണം

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഉപധനാഭ്യർത്ഥന സ്റ്റേറ്റുമെന്റിന്റെ 9,10,11 പേജുകളിൽ സെക്രട്ടേറിയറ്റിന്റെ ചെലവിനുവേണ്ടി കാലേകൂട്ടി എടുത്ത് തുക റഗുലറൈസ് ചെയ്യുന്നതിന് വേണ്ടിയുള്ള ഉപധനാഭ്യർത്ഥനകളാണ് സൂചിപ്പിച്ചിരിക്കുന്നത്. ജി.ഒ.നമ്പർ അല്ലാതെ എന്തു കാര്യത്തിനുവേണ്ടിയാണ് തുക എടുത്തത് എന്ന് കൃത്യമായി പ്രതിപാദിച്ചിട്ടില്ല. അത് അങ്ങനെയല്ല വേണ്ടത് എന്നാണ് എന്റെ അഭിപ്രായം. ബഡ്ജറ്റിന് രൂപം കൊടുക്കുമ്പോൾ മുൻകൂർ കാണാൻ കഴിയാത്ത ചെലവുകളാണല്ലോ ഉപധനാഭ്യർത്ഥനകളിന്മേൽ സഭയുടെ മുൻപിൽ വരുന്നത്. ആന്റിസിപ്പേറ്റ് ചെയ്യാൻ കഴിയാത്ത അൺഅവോയിഡബിൾ ആയ എക്സ്പെൻസ് എന്തെന്നറിയാനുള്ള അവകാശം സഭയ്ക്കുണ്ട്. സഭയുടെ ഈ അവകാശം ടേക്കൺ ഫോർ ഗ്രാന്റഡ് എന്ന് കണക്കാക്കി വിശദവിവരങ്ങൾ വ്യക്തമാക്കാതെ സഭയിൽ നിന്ന് എന്തൊക്കെയോ മറച്ചു വയ്ക്കുന്നുവെന്ന് സംശയം ജനിപ്പിച്ച് രണ്ടാം നമ്പർ ഡിമാന്റിന്റെ ഉപധനാഭ്യർത്ഥനയുടെ ചർച്ച നടത്തുന്നത് സഭയുടെ അവകാശത്തെ നിരാകരിക്കുന്ന പ്രവണതയല്ലേ എന്നും അങ്ങനെയാണെങ്കിൽ അത് ശരിയാണോ എന്നറിയാൻ അങ്ങയുടെ റൂളിംഗ് ആവശ്യപ്പെടുകയാണ്.

മറ്റൊരു കാര്യം, ഉപധനാഭ്യർത്ഥനയുടെ സ്റ്റേറ്റ്മെന്റിന്റെ 10-ാം പേജിൽ നിന്നും ഞാൻ മനസ്സിലാക്കിയത് 9-9-1996-നും 16-1-97-നും ഇടയ്ക്കുള്ള അഞ്ച് മാസക്കാലത്തേയ്ക്ക് ധനകാര്യവകുപ്പ് ഒരേ ഒരു കാര്യത്തിനുവേണ്ടി, ടി.എ.യ്ക്കുവേണ്ടി മൂന്നുപ്രാവശ്യം അധിക തുക വാങ്ങിയെന്നാണ്. അടുത്ത വർഷത്തേയ്ക്ക് മാറ്റാൻ കഴിയാത്ത, ആന്റിസിപ്പേറ്റ് ചെയ്യാൻ കഴിയാത്ത ചെലവുകൾ ആക്യൂറേറ്റ് കൂടിയാകണമല്ലോ, അതുകൊണ്ട് ഫിനാൻസ് ആക്യൂറേറ്റല്ല എന്നല്ലേ ഊഹിക്കേണ്ടത്? അഞ്ച് മാസത്തിന്റെ ടി.എ.യ്ക്കുവേണ്ടി മൂന്ന് അഡീഷണൽ ഓതറൈസേഷൻ വാങ്ങുന്ന ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ തത്വങ്ങളെ കാറ്റിൽ പറപ്പിക്കുകയാണ്. ഇതു സംബന്ധിച്ചും റൂളിംഗ് ഉണ്ടാകണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇത് ധനകാര്യവകുപ്പ് അവതരിപ്പിക്കുന്ന ഉപധനാഭ്യർത്ഥനയല്ല. ഗവൺമെന്റ് അവതരിപ്പിക്കുന്നതാണ്. രണ്ട്, ഈ പറഞ്ഞ കാര്യങ്ങളെല്ലാം വിശദമായി ഒരു ദിവസം ചർച്ചയ്ക്കെടുക്കും. ആ ചർച്ചയിൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് പങ്കെടുത്ത് സംശയനിവാരണം വരുത്താം. മറുപടി പ്രസംഗത്തിൽ എന്നാൽ കഴിയുന്ന വിധത്തിൽ അവർക്ക് ബോദ്ധ്യപ്പെടുമാറ് പരമാവധി മറുപടി പറയാൻ ശ്രമിക്കാം. ഇതിൽ ക്രമപ്രശ്നമൊന്നും ഉദിക്കുന്നില്ല എന്നാണ് എന്റെ അഭിപ്രായം.

# VIII. റൂളിംഗ്

മിസ്റ്റർ സ്പീക്കർ ; ഇതിൽ രണ്ടു കാര്യങ്ങൾ ചെയർ കാണുന്നുണ്ട്. ചെലവിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ ക്രമപ്രശ്നമല്ല. ചർച്ചയിൽ അക്കാര്യം ഉന്നയിക്കാം. അതിനുവേണ്ടിയാണ് ചർച്ച. ആ രൂപത്തിലാകുന്ന



LIBRARY ARCHIVES Kerala Legislative Assembly

താണ് നല്ലത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞു 9, 10, 11 പേജുകളിൽ രണ്ടാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിലുള്ള ഉപധനാഭ്യർത്ഥനയെ പ്രതിപാദിക്കുന്നിടത്ത് എന്തിനുവേണ്ടിയാണ് തുക ചെലവാക്കിയതെന്ന് പറയുന്നില്ലയെന്ന്. അതാണല്ലോ പ്രശ്നം, ഈ വിഷയം ചെയർ പരിശോധിച്ചു, ഇതു മാത്രമല്ല, ഇതിനു മുമ്പുണ്ടായിട്ടുള്ള കാര്യങ്ങളെപ്പറ്റിയും ചെയർ പരിശോധിച്ചു. 24.3.1994-ൽ ശ്രീ. സി.പി.ബാലൻ വൈദ്യർ ഇതേ പ്രശ്നം ക്രമപ്രശ്നമായി ഉന്നയിച്ചിട്ടുണ്ട്. അന്ന് ധനകാര്യ വകുപ്പുമന്ത്രി ആയിരുന്ന ശ്രീ. ഉമ്മൻചാണ്ടി അതിനെ സംബന്ധിച്ച് ഒരു വിശദീകരണം നൽകുകയുണ്ടായി. ആ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അന്നത്തെ ചെയർ, എന്റെ മുൻഗാമി, ഒരു റൂളിംഗും നൽകുകയുണ്ടായി. ആ റൂളിംഗ് മുഴുവനായിട്ട് ഞാൻ പറയുന്നില്ല. ഏത് കാര്യത്തിനാണ് ആ തുകയെന്ന് വ്യക്തമായി മനസ്സിലാകുന്ന നിലയിൽ ചെലവിന്റെ വിശദീകരണം വ്യക്തമായി നൽകേണ്ടതുണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ട് ക്രമപ്രശ്നം നിലനിൽക്കുകയില്ലെന്ന് ഇതിന് മുമ്പ് ഇവിടെ റൂളിംഗ് ഉണ്ടായിട്ടുണ്ട്. അതുതന്നെയാണ് ചെയർ ഇപ്പോഴും ആവർത്തിക്കുന്നത്. ഇക്കാര്യത്തിൽ അതിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ട് ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ഓർഡർ, ഓർഡർ...................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്.

മി. സ്പീക്കർ : അങ്ങ് എഴുതിത്തന്നതിൽ ക്രമപ്രശ്നമൊന്നുമില്ല അത് ഒന്നു കൂടി നോക്കാം.

# IX. ധനകാര്യം (തുടർച്ച)

## 1996-97ലെ ബഡ്ജറ്റിലേയ്ക്കുള്ള ഫൈനൽ സപ്ളിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

ശ്രീ. കെ.എ. ചന്ദ്രൻ : 1996-97-ലെ ബഡ്ജറ്റിന്മേലുള്ള ഫൈനൽ സപ്ളിമെന്ററി ഗ്രാന്റിലെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ചട്ടങ്ങൾ അനുശാസിക്കുന്ന യാഥാർത്ഥ്യബോധം ഈ ഉപധനാഭ്യർത്ഥനകളിൽ ഉണ്ടായിട്ടില്ല. ആവശ്യം മുൻകൂട്ടി കാണാതിരുന്നതിനുള്ള വ്യക്തമായ വിശദീകരണവും ഇതിൽ കണ്ടില്ല. ജനോപകാരപ്രദമായ പരിപാടികൾ നടപ്പിലാക്കിയ ഒരു സർക്കാരിനേ അവയുടെ പൂർത്തീകരണത്തിനായി കൂടുതൽ തുക ആവശ്യപ്പെടാൻ അവകാശമുള്ളൂ. അത് കഴിഞ്ഞകാലത്ത് ഉണ്ടായിട്ടില്ല. ഡിമാന്റ് നമ്പർ XX-ൽ ശബരിമല തീർത്ഥാടകർക്ക് കുടിവെള്ളവും സാനിട്ടേഷൻ സൗകര്യവും മെച്ചപ്പെടുത്തുന്നതിനുവേണ്ടി 30 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഞാൻ ശബരിമലയ്ക്കുപോയ ആളാണ്. കഴിഞ്ഞ കൊല്ലം ശബരിമല തീർത്ഥാടനം നടന്നപ്പോൾ തീർത്ഥാടകർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അവിടെ പോയിട്ടുള്ള ആളുകൾക്ക് മുഴുവൻ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഇതെല്ലാം പത്രങ്ങളിൽ വന്ന വാർത്തയുമാണ്. ഡിമാന്റ് നമ്പർ XXI-ൽ മൈത്രീ ഭവന പദ്ധതിക്കുവേണ്ടി അഞ്ചു കോടി രൂപയുടെ ഉപധനാഭ്യർത്ഥന കൊണ്ടുവന്നിട്ടുണ്ട്. മൈത്രീ ഭവന പദ്ധതി പ്രവർത്തനത്തിലെ അപാകതകളെപ്പറ്റി നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റിതന്നെ ആശങ്ക പ്രക

LIBRARY ARCHIVES Kerala Legislative Assembly